# ACADEMIC MASTER PLAN 2025-26

## ST.JOSEPH'S U P S

## KARULLADUKKOM

| | | |
|---|---|---|
| NAME OF THE SCHOOL | : | St. Joseph's U P S Karulladukkom |
| ADDRESS | : | Vellarikundu P.O<br>Kasaragod Dist. |
| Phone | : | 9400813764 |
| School code | : | 12437(U P) |
| Revenue District | : | Kasaragod |
| Educational District | : | Kanhangad |
| Educational Subdistrict | : | Chittarikkal |
| B R C | : | Chittarikkal |
| C R C | : | Kanakapally |
| Gramapanchayath | : | Balal |
| Block panchayath | : | Parappa |
| District Panchayath | : | Kasaragod |
| Niyamashabha mandalam | : | Kanhangad |
| Loksabhamandalam | : | Kasaragod |
| Thaluk | : | Vellarikundu |
| Village | : | Balal |
| e-mail | : | karulladukkom12437@gmail.com |
| Web site | : | 12437st.Joseph'supskarulladukkombolg.spot |
| School Wiki | : | Karulladukkom 12437 |

## STAFF DETAILS

| Sl.no. | Name | Subject council |
|---|---|---|
| 1 | Sr.Raginamma Mathew | H M |
| 2 | Sr. Thresiamma G L | Senior Assi.,English |
| 3 | Smt.Jolly A C | Social science |
| 4 | Sri,Tyttus V Thomas | Hindi |
| 5 | Sri. Shinto Thomas | Urdu |
| 6 | Sri.Abhilash Thomas Tharakan | Sanscrit |
| 7 | Smt.Shoby Kurian | Basic science |
| 8 | Sri.Robert K V | Basic Science |
| 9 | Smt.Minimol Joseph | Basic Science |
| 10 | Smt. Saima Jose | Malayalam |
| 11 | Sri.Shinoj Thomas | Social Science |
| 12 | Sri.Jestin Jose | English |
| 13 | Sr.Princy Thomas | Maths |
| 14 | Sr.Anees Thomas | Maths |
| 15 | Smt.Soumyamol T U | Hindi |
| 16 | Sri.Tomy Abraham | Office Assistant |

## STUDENTS DETAILS

| CLASS | BOYS | GIRLS | TOTAL | SCHOOL TOTAL |
|---|---|---|---|---|
| V | | | | |
| VI | | | | |
| VII | | | | |

## INFRASTRUCTRE FACILITIES

| | |
|---|---|
| TOTAL CLASS ROOMS | : 13 |
| OFFICE ROOM | : 1 |
| STAFF ROOM | : 1 |
| KITCHEN | : 1 |
| TOTAL NO. OF TOILETS | : 24 |
| BOYS | : 8 |
| GIRLS | : 16 |
| SCHOOL BUS | : 3 |
| DESKTOP COMPUTER | : 1 |
| LAPTOP | : 11 |

# ലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാകുട്ടികളിലും സമൂലമായ മാറ്റം കൊണ്ടുവന്നു എന്ന് ഉറപ്പ് വരുത്തുക.
2. ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടികൾക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
3. ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
4. കുട്ടികൾക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
5. ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
6. ക്ലാസ്സുകളിൽ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
7. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
8. പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
9. വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
10. പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക.
11. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.

12. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം നിലനിർത്തുക.

13. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കി മുഖ്യധാരയിലെത്തിക്കുക.

14. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

15. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

16. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

17. മാലിന്യ സംസ്കരണത്തിനാവശ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

18. കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ST. JOSEPH'S UP SCHOOL
KARULLADUKKOM

# Academic Master Plan

2025-2026

# ENGLISH

| Problems | Activities to solve the problems. | Time Period | Finance | Agency. |
|---|---|---|---|---|
| Defective Pronounciation | • Audio-Video clippings on correct pronounciation.<br>• Classes on phoenetics by experts.<br>• Language lab<br>• ICT Facilities<br>• Video clippings<br>• Readers theatre | 2025-26 | 50000/- | PTA, Other sources. |
| Lack of communication Skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting English fest.<br>• Theatre workshop<br>• Language lab.<br>• Formation of English club.<br>• English Assembly.<br>• Developing translation skills. | 2025-26 | 50000/- | PTA, Management BRC |

| | | | | |
|---|---|---|---|---|
| Support to gifted Children. | • Special coaching classes using language experts. (USS- Other scholarship exams)<br>• Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children. | 2025-26 | 5000/- | PTA and Management |
| Insufficient Vocabulary. | • Word games.<br>• Word study using digital devices.<br>• Spelling contests<br>• Making crossword puzzles (included in Textbooks.)<br>• Dictionary making using the words of the text books. | 2025-26 | 5000/- | Teachers and students. |
| Addressing Slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners (eg: Varnathoolika)<br>• Conducting action research on slow pace learners. | 2025-26 | 1000/- | PTA and BRC |

| | | | | |
|---|---|---|---|---|
| Defective Sentence Pattern | • Making sentence cards.<br>• Correct sentence structure with ICT facilities. (Conversations)<br>• Publishing magazines in English<br>• Publishing printed magazines.<br>• English bulletin<br>• Playing equipments for learning English. | 2025-26 | 10000/- | BRC and PTA |
| Illegible hand writing | • Writing with ICT facilities.<br>• Peer group learning.<br>• Providing printed model copy books.<br>• English diary<br>• | 2025-26 | 10000/- | PTA, Management |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി

# അക്കാദമിക് മാസ്റ്റർ പ്ലാൻ : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് വീഡിയോ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 2) ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനു | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് അടുപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതി | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ചെയ്യും. | വാത്യമൂലവ കാണിക്കും. | | | |
| 3) ഹിന്ദി സംസാര ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം ഭിക്കവാനു ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ തൊണ്ണുവരും.<br>വായനയ്ക്ക് ......<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. തെറ്റില്ലാതെ ശരിയായി വായിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

## 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ. വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം. | |
| 2 പഠിതാവിൽ അർത്ഥപൂർണ്ണമായ വായനശീലം വളർത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും. | |
| | എല്ലാ കുട്ടികളും പ്രത്യേകിച്ച് പിന്നോക്കക്കാരായ കുട്ടികൾക്ക് ചിഹ്നങ്ങളും അക്ഷരങ്ങളും ഉറപ്പിക്കുന്നതിനുവേണ്ടി ഓരോ പാഠാവസാനവും കേട്ടെഴുത്ത് നടത്തുന്നു. | ജൂൺ to മാർച്ച് | |
| 3 വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നു. | വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തി കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | ജൂൺ to മാർച്ച്. | |
| 4 ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കുന്നു. | കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ ചുവരിൽ പ്രദർശിപ്പിക്കുന്ന മാഗസിനിൽ തയ്യാറാക്കുന്നു. | ജൂലൈ to ജനുവരി. | |

| | | | | |
|---|---|---|---|---|
| 5 | ഭാഷയോടുള്ള താല്പര്യം ജനിപ്പിക്കുക. | കുട്ടികളിൽ ഭാഷാഭിരുചി വർദ്ധിപ്പിക്കുവാൻ കഥ, കവിത തുടങ്ങിയവ രചിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു | ജൂലൈ to ഡിസംബർ. | |
| 6 | സാഹിത്യാസ്വാദനത്തിൽ താല്പര്യം ജനിപ്പിക്കുക. | ഇന്റർനെറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തി. കവിതകൾ കഥകൾ, നാടകങ്ങൾ വ്യക്തിഗതമായും സംഘമായും ആസ്വദിക്കുന്നു. സ്വതന്ത്രമായ പഠനത്തിനും വായനയ്ക്കും അവസരം നൽകുന്നു. | ജൂലൈ to ജനുവരി. | ഉല<br>പെ.<br>അധ്യ |
| 7 | കലാരൂപങ്ങളെ മനസ്സിലാക്കുന്നു. | കുട്ടികൾ പഠിച്ച പാഠങ്ങൾ [ചെറുകഥ, നാടകം, തിരക്കഥ] എന്നിവയായി മാറ്റുന്നതിന് അവസരം നൽകുന്നു. ഈ കലാരൂപങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നു. | ഒക്ടോബർ | |
| 8 | സദസ്സിനെ അഭിമുഖീകരിക്കാൻ പരിശീലനം നൽകുന്നു. | പ്രസംഗം, കഥപറച്ചിൽ കവിത ആലാപനം, വ്യക്തിഗതമായി അവതരിപ്പിക്കാൻ അവസരങ്ങൾ നൽകുന്നു. | ജൂലൈ to ജനുവരി | |
| 9 | പ്രാദേശിക കലാരൂപങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. | കലാരൂപങ്ങളെ പരിചയപ്പെടുന്നു. തെയ്യം, പടയണി, തുടങ്ങി വിവിധ കലാരൂപങ്ങളെക്കുറിച്ച്. മനസ്സിലാക്കുന്നതോടൊപ്പം അവയെ കണ്ടെത്തുകയും അവയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | നവംബർ | |

| | | | |
|---|---|---|---|
| | രചനാപാടവം മെച്ചപ്പെടുത്തുക. | **യാത്രാവിവരണം തയ്യാറാക്കൽ**<br>പാഠഭാഗത്ത് കുട്ടികൾ പ്രശസ്തരായ സാഹിത്യകാരൻമാരുടെ യാത്രാനുഭവങ്ങൾ പഠിച്ചിട്ടുണ്ട്. യാത്രാ വിവരണം തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും മനസിലാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ നടത്തിയ യാത്രയുടെ വിവരണം തയ്യാറാക്കുന്നു. | ജൂലൈ to ഡിസംബർ |
| 11 | ഡയറി തയ്യാറാക്കുന്നു. | ദിനവൃത്താന്തങ്ങൾ കൃത്യമായി ചെയ്യാൻ ഡയറിയെഴുത്ത് കുട്ടികളെ സഹായിക്കുന്നു. നല്ല ഭാഷാശൈലി രൂപപ്പെടാനും സാഹിത്യ അഭിരുചി വളർത്താനും സഹായിക്കുന്നു. സ്കൂളിൽ നടക്കുന്ന പ്രധാന ആഘോഷങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുന്നു. | ജൂൺ to മാർച്ച് |
| 12 | കത്ത് തയ്യാറാക്കുക | വിവിധ തരത്തിലുള്ള കത്തുകൾ പരിചയപ്പെടുന്നു. അവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | മൂന്ന് മാസത്തിലൊരിക്കൽ |
| 13 | പത്രവാർത്ത തയ്യാറാക്കുന്നു. | പത്രവാർത്തയുടെ സവിശേഷത ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. എന്ത്? ഏത്? എപ്പോൾ? എവിടെ? എങ്ങനെ എന്നീ അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. ലളിതമായ ഭാഷ, ശീർഷകത്തിന്റെ പ്രാധാന്യം ഇവയെല്ലാം കുട്ടികളെ ബോധ്യപ്പെടുത്തുന്നു. | ജൂലൈ to ജനുവരി |

അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 ഉറുദു. اردو

St. Joseph's UPS Karulladukkom, Vellarikkundu.

## ലക്ഷ്യങ്ങൾ

1, ഉറുദുഭാഷാ പഠനത്തിൽ കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

2, കരിക്കുലം ലക്ഷ്യമാക്കുന്ന ഉറുദുഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.

3, ഉറുദുഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.

4, ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തിലും ഉറുദു ഭാഷ സംസാരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

5, ഉറുദു ഭാഷാ പഠനശേഷി വർദ്ധിപ്പിക്കുക.

6, സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഉറുദുവിൽ കുട്ടികളെ വളർത്തുക.

7, ക്ലാസ്സിൽ കലകൾ ആസ്വദിക്കാനും അവതരിപ്പിക്കുവാനും ഉറുദുഭാഷയിൽ ശേഷി നേടുക.

8, ലോക ഭാഷ എന്ന നിലയിൽ ഉറുദു ഭാഷയുടെ പഠനത്തിന്റെ താൽപര്യം വളർത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ.

| No. | പ്രവർത്തനം | നടപ്പിൽ വരുത്തുന്ന വിധം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ്. | |
|---|---|---|---|---|---|---|---|
| 1 | ഭാഷാ കോർണർ. ആസൂത്രണം | ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്താൽ കഥ, കവിത, ഗസൽ, സാരാംശ ക്ലിപ്പുകൾ, ബാലസഭ സംഘടിപ്പിക്കൽ. | മാസത്തിൽ ഒരു പിരിയഡ്. | സബ്ജക്ട് ടീച്ചർ. ഉറുദു ക്ലബ്. | 500 | H. M. | |
| 2, | വായന | 7-10 തരം കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടിക്ക് ഉറുദു പുസ്തകങ്ങൾ വായിക്കാൻ കഴിയും എന്ന് ഉറപ്പാക്കുക. | ഒരു വർഷം | സബ്ജക്ട് ടീച്ചർ. | 1000 | ക്ലാസ്സ് തല ഗ്രൂപ്പ് കൗൺസിൽ, H.M. | |
| 3 | കൈയെഴുത്ത് | കൈ എഴുത്ത് മത്സരങ്ങൾ നടത്തുക. പ്രത്യേക പരിശീലനം മാസത്തിൽ ഒരു പിരിയഡ്. | എല്ലാ മാസവും | ക്ലാസ്സ് തല റിസോഴ്സ്. | 500 | സബ്ജക്ട് കൗൺസിൽ, H. M. | |
| 4, | ഉറുദു ടൈപ്പിംഗ്. | ഉറുദു ടൈപ്പിംഗ് പരിശീലനം. ചോദ്യ പതിപ്പുകൾ, വായനാ കാർഡ്. നിഘണ്ടു തയ്യാറാക്കൽ. | ഒരു വർഷം | സബ്ജക്ട് കൗൺസിൽ. | 1000 | H.M, SITC | |

| | | | | |
|---|---|---|---|---|
| 5, | ദിനാചരണങ്ങൾ | ഹിരോഷിമാ ദിനം ഓഗസ്റ്റ് 6 ഈ ഭാഗം ഉറുദുവിൽ എഴുതി സമാധാനത്തിന്റെ ഒരു ചിത്രവും വരച്ച് അധ്യാപകന്റെ സഹായത്താൽ പോസ്റ്റർ കുട്ടികൾ നിർമ്മിക്കുന്നു. | 5,6,7 | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം. |
| 6, | ഉറുദു ഫെസ്റ്റ് | ഉദ്ഘാടനം, ആദരിക്കൽ, ഇത്‌വരെ സ്കൂളിൽ നടത്തിയ ഉറുദു മത്സരങ്ങളുടെ സമ്മാനദാനചടങ്ങ്. ഫിലിം പ്രദർശനം, ഉറുദു കവി, കലാകാരന്മാർ എന്നിവരെ ആദരിക്കൽ. | 5,6,7 | ഉറുദു ദിനത്തിൽ ഒരു ഉറുദു ഫെസ്റ്റ് നടത്തുക. |
| 7, | ഉറുദു ഭാഷയിൽ IT സാധ്യത. | അഞ്ചാം ക്ലാസ്സിൽ ഉറുദു ടൈപ്പിംഗ് പരിചയപ്പെടുത്തുക. ആറ്, ഏഴ് ക്ലാസ്സുകളിൽ വായനാ കാർഡ്, പോസ്റ്റർ എന്നിവ നിർമ്മിക്കുക. | 5,6,7 | ഉറുദു ടൈപ്പിംഗ്. ഉറുദുവിൽ ഡിജിറ്റൽ ബോർഡ് തയ്യാറാക്കൽ. |

| No | പ്രവർത്തനം | വിശദാംശം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | വായന | തിരഞ്ഞെടുത്ത ലളിതമായ ഉറുദു പുസ്തക ലൈബ്രറി. | 5,6,7 | ദുർബലർ കുട്ടികൾക്ക് ലഘു വാക്യങ്ങൾ വായിക്കാൻ സാധിക്കണം. |
| 2 | എഴുത്ത് | ക്ലാസ് മാസിക നിർമ്മാണം. ചുമർ പത്രിക നിർമ്മാണം വായനാ കാർഡ് നിർമ്മാണം | 5,6,7 | മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി A4 ഷീറ്റിൽ എഴുതി ചേർത്തുകൊണ്ട് വായനാ കാർഡ് നിർമ്മിക്കുക. |
| 3 | ആസ്വാദനം | ഒരിക്കൽ പാടിയ കുട്ടികളെ അടുത്ത സഭയിൽ ആസ്വാദകരാക്കണം. പാട്ടുകളുടെയും, തമാശകളുടെയും വീഡിയോ കാണിക്കുക. | 5,6,7 | പാടാനും, പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തുക. കണ്ടെത്തിയ പ്രതിഭകളെ ആസ്വാദന സഭയിൽ അവതരിപ്പിക്കുക. |
| 4, | മത്സരങ്ങൾ | ക്വിസ്, പദനിർമ്മാണം, പദപ്രയോഗം, വേഡ് ഹണ്ടിംഗ്, കളറിംഗ്, മെമ്മറി ടെസ്റ്റ്, ഗദ്യവായന, കഥപറയൽ. | 5,6,7 | സ്കൂളുകളിൽ പ്രതിഭകൾക്ക് മാത്രം വിജയം പോരാ. എല്ലാവരും വിജയി എന്നതിലേക്ക് സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക. |
| | | | | |

# മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്.

| ക്രമ നമ്പർ | പ്രശ്നമേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | കുട്ടികൾക്ക് തങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളെകുറിച്ച് കൃത്യമായ ധാരണയില്ല. പ്രാദേശിക ചരിത്ര രചനയിലൂടെ ചരിത്രാവബോധം സൃഷ്ടിക്കുക. | 'എന്റെ നാട് എന്റെ അഭിമാനം' എന്ന ആശയത്തെ മുൻനിർത്തി ഓരോ കുട്ടിയും താൻ അധിവസിക്കുന്ന പ്രദേശത്തെക്കുറിച്ച് പഠനം നടത്തുന്നു. അവിടുത്തെ കൃഷിരീതികൾ, സംസ്കാരം, ചരിത്രം, പരമ്പരാഗതമായ ആചാരങ്ങൾ ഭക്ഷണരീതി, തുടങ്ങിയവയെ കുറിച്ചെല്ലാം കണ്ടെത്തലുകൾ നടത്തുന്നു.<br>☆ ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങൾ സന്ദർശിക്കുന്നു.<br>☆ മുതിർന്നവരുമായി അഭിമുഖം | ജൂൺ ജൂലായ്. |
| 2 | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങളെ കുറിച്ചും ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും | ജൂൺ മാസത്തിൽ ഇടത്തി നിരവധി പ്രവർത്തനങ്ങളിലൂടെ അറിവ് പകർന്ന് നൽകുകയും കൃത്യമായ ധാരണകൾ രൂപപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്യുക. | |

| ക്രമ നമ്പർ | പഠനമേഖല | പ്രവർത്തനങ്ങൾ | കാല |
|---|---|---|---|
| | വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരിലൂടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും, റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും, നിരന്തരം ബോധവൽക്കരണ പരിപാടികളിൽ പങ്കാളികളാക്കുകയും ചെയ്യുക. | ജൂൺ - ജൂലായ് |
| 3 | ജനാധിപത്യ ബോധം വളർത്തുക, ദേശീയതയും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളും പരിചയപ്പെടുക. | കുട്ടികളുടെ നേതൃത്വത്തിൽ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആഘോഷിക്കുകയും ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന മൂല്യങ്ങൾ ഉൾക്കൊള്ളാൻ പര്യാപ്തമായ സ്കിറ്റ്, വ്യക്തികളെ പരിചയപ്പെടുത്തൽ, ICT ഒരുക്കൽ എന്നിവ നടത്തുകയും ചെയ്യുക. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടത്തുക. | അക്കാദമിക വർഷകാല |

| | | | |
|---|---|---|---|
| | സഹജീവികളോട് സഹാനുഭാവം വളർത്തുക. | കുട്ടികളുടെ പിറന്നാൾ ദിനത്തിൽ നിത്യോപയോഗ വസ്തുകൾ നൽകുന്നു. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സഹപാഠികൾക്കും, | അദ്ധ്യാപക വിദ്യാർത്ഥികൾ |
| | നന്മയുടെ പാഠങ്ങൾ പഠിക്കാൻ പര്യാപ്തമാക്കുക. | വിശേഷാവസരങ്ങളിൽ അഗതി മന്ദിരത്തിലെ അന്തേവാസികൾക്കും കൈമാറുക. | |
| 5 | ദൈനംദിന സാഹചര്യങ്ങൾ നിരീക്ഷിക്കുന്ന പുസ്തകം - എന്ന ബുക്ക് തയ്യാറാക്കി അറിവിന്റെ ചക്രവാളം വിശാലമാക്കുക. | ക്ലാസ് മുറികളിലെ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ അറിവുകൾ, സാമൂഹ്യ മാധ്യമങ്ങളിൽ സമാനമായ വിവരങ്ങൾ പങ്കുവെക്കപ്പെടുമ്പോൾ അവ ശേഖരിക്കാനും പ്രദർശിപ്പിക്കാനും, മറ്റുള്ളവരിലേക്ക് പകരാനും നല്കാനും കുട്ടികളെ പര്യാപ്തരാക്കുക. | അദ്ധ്യാപക വിദ്യാർത്ഥികൾ |
| 6 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി ഒരുമ, പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ | ഭൂകമ്പം, കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രത | |

| | | | |
|---|---|---|---|
| | പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | - യെക്കുറിച്ച് വനംവകുപ്പിലെയും അഗ്നിരക്ഷാസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും, ദുരന്ത വർണ്ണനങ്ങളിൽ ഉൾപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുക. | ജൂൺ - ഓഗസ്റ്റ് |
| 7 | 'അറിവിലൂടെ മികവിലേക്ക്' കുട്ടികളെ ആനുകാലിക സംഭവങ്ങളെക്കുറിച്ച് അറിവുള്ളവരാക്കി മാറ്റുക. | പ്രാദേശിക, ദേശീയ, അന്തർദേശീയ തലം വരെ ഉള്ള വാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. മികവുള്ള കുട്ടികളെ ഉൾപ്പെടുത്തി 'ഓർമ്മച്ചെപ്പ്' എന്ന ക്വിസ് ക്ലബ്ബ് രൂപീകരിക്കുക. | അക്കാദമിക വർഷം. |
| 8 | ഭൂപടങ്ങളെ കുറിച്ച് കൂടുതൽ ധാരണ നേടുന്നതിനും, സ്ഥലങ്ങൾ കൃത്യമായി | ഭൂപടങ്ങളെക്കുറിച്ച് കുട്ടികൾക്ക് കൃത്യമായ അറിവ് ലഭിക്കുന്നതിനായി വ്യത്യസ്തങ്ങളായ ഭൂപടങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | |

| | | | |
|---|---|---|---|
| | രേഖപ്പെടുത്തുന്നതിന് ശേഷി നേടുന്നതിനും. | 'നിറമുള്ള ഭൂപടം' - ഓരോ ദിവസവും പത്രത്തിൽ വരുന്ന വാർത്തകളെ ശേഖരിച്ച് ആ പ്രദേശങ്ങളുടെ സ്ഥാനം ഭൂപടത്തിൽ കണ്ടെത്തുന്നു. | അക്കാദമിക വർഷകാലം. |
| 9 | പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ശേഷി നേടിയെടുക്കുകയും പഠനം കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കുക. | ലാബ് @ ഹോം. ക്ലാസ് മുറികളിലെ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ അറിവുകളെ പ്രയോഗപ്പെടുത്തി ലളിതമായ പഠനോപകരണങ്ങളുടെ നിർമ്മാണം. മഴമാപിനി, ദിക്ക് അറിയാം, മാജിക് സിഗ്നലുകൾ, സൗരയൂഥം, അന്തരീക്ഷപാളികൾ etc... | അക്കാദമിക വർഷകാലം |
| 10 | സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ അറിവുകൾ നിരന്തരം പുനർനിർമ്മിക്കുക. | ക്ലാസ്സിൽ ബോർഡ് സ്ഥാപിക്കുക, കൊളാഷ് നിർമ്മാണം, നോട്ടീസ് നിർമ്മാണം എന്നിവക്ക് കുട്ടികൾക്ക് അവസരം ഒരുക്കുക. | അക്കാദമിക വർഷകാലം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## അടിസ്ഥാനശാസ്ത്രം

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. |
| | | * വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പ്രകൃതിയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. |
| | | * നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. |

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | | പരിമിതമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര ഉപകരണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | |
| 2. | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. |
| | | * ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| | | ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുടെ അടിമുഖ പ്രഭാഷണങ്ങൾ ഓൺലൈനായി സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |
| | | * കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |
| 3. | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി | | | |

| | | | | |
|---|---|---|---|---|
| | (ഉ) യോജിപ്പിക്കുന്നു. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങളിലേക്ക് ഉണർത്തുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പോലുള്ളവയുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ ഉണർത്തുന്നവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |
| 4. | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Laboratory പ്രയോജനപ്പെടുത്തി ഗവേഷണത്തിന് അവസരം ഒരുക്കുന്നു. "ഇലക്ട്രോണിക്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണനിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. |

# MATHEMATICS 2025 - '26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) അടിസ്ഥാനഗണിത ക്രിയ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് etc.) | June July |
| 2) രസകരമായ ഗണിതശാസ്ത്രപഠനവും അപഗ്രഥനശേഷിയുടെ വികാസവും | Geometrical chart, Numbe chart, Puzzles, Games എന്നിവയിൽ സ്കൂൾ തലത്തിൽ അവതരിപ്പിച്ച് പ്രോത്സാഹനവും പിന്തുണയും നൽകുന്നു. അവയുടെ ഗണിത സവിശേഷതകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | August Once in an years |
| 3) ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി കുട്ടികൾ ശേഖരിക്കുന്ന ജ്യാമിതീയ രൂപങ്ങളുടെ പ്രദർശനം നടത്തി ഒരു ഗണിതപാർക്ക് സംഘടിപ്പിക്കൽ | September Once in an years |
| 4) ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | October |

| | | |
|---|---|---|
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഗണിത പഠനവുമായി ബന്ധപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേയ്ക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | Once in a month |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | Once in a week |
| 8) വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം |